# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ - 1431 | 20.01.2014-ൽ<br>മറുപടിയ്ക്ക് |

**കോട്ടയം-കോടിമത പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) നാഷണൽ ഹൈവേയിൽ ചേർത്തല എക്സ്റേ–ബൈപ്പാസിൽ നിന്നും തുടങ്ങുന്ന കോട്ടയം-കോടിമത പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു അറിയിക്കുമോ; ഇതിന്റെ സ്ഥലമെടുപ്പ് ജോലികൾ ഏതുവരെയായി എന്നു വിശദമാക്കുമോ; പ്രസ്തുത റോഡിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) ചേർത്തല – കോട്ടയം ടൂറിസ്റ്റ് ഹൈവേയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിക്കഴിഞ്ഞു. ഇതിൽ വെച്ചൂർ മുതൽ കോടിമത വരെയുള്ള ഒന്നാമത്തെ പാക്കേജിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) കോടിമത പാതയുടെ നിർമ്മാണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലത്ത് താമസിക്കുന്ന ജനങ്ങൾ നിലവിൽ തങ്ങളുടെ പേരിലുള്ള ഭൂമി വിൽക്കുന്നതിനോ മക്കളുടെ വിവാഹമടക്കമുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനോ, പുതിയ കെട്ടിടങ്ങൾ വയ്ക്കുന്നതിനോ കഴിയാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ ഇപ്രകാരമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കോടിമത പാതയ്ക്കുള്ള സ്ഥലമെടുപ്പ് ജോലികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകുന്നതാണ്. |
| (സി) കോടിമത പാതയുടെ നിർമ്മാണം ബി.ഒ.റ്റി അടിസ്ഥാനത്തിലാണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) ബി.ഒ.റ്റി അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ